ഭരണഭാഷ-മാതൃഭാഷ

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
വികാസ് ഭവൻ, തിരുവനന്തപുരം

വിഷയം:- ഡി.ഇ.എസ്-വിജിലൻസ്-ശ്രീ.പി.ജയകൃഷ്ണൻ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1 നെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-
1. ഈ ഓഫീസിലെ 23/11/2019 ലെ ഇതേ നമ്പർ ഉത്തരവ്.
2. ഈ ഓഫീസിലെ 27/11/2019 ലെ കുറ്റപത്രവും, കുറ്റാരോപണ പത്രികയും.
3. ശ്രീ.പി.ജയകൃഷ്ണന്റെ 24/12/2019 ലെ പ്രതിവാദ പത്രിക
4. ഈ ഓഫീസിലെ 06/01/2020 ലെ ഇതേ നമ്പർ ഉത്തരവ്.
5. ശ്രീ.കെ.ദാമോദരൻ, ജോയിന്റ് ഡയറക്ടറുടെ 21/01/2020 ലെ അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ് നമ്പർ. വിജിലൻസ് 22592/2019/ഡിഇഎസ്, തീയതി. 03/02/2020**

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിൽ നിന്നും വൈക്കം മുനിസിപ്പാലിറ്റിയിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1 ആയി ജോലി ചെയ്തിരുന്ന ശ്രീ.പി.ജയകൃഷ്ണൻ, പ്രധാനമന്ത്രി ഫസൽ ബിമാ യോജന പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ചും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിനെ കുറിച്ചും സർക്കാർ നയങ്ങളെ സംബന്ധിച്ചും അപകീർത്തി പ്പെടുത്തുന്ന തരത്തിൽ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ അഭിപ്രായ പ്രകടനം നടത്തി എന്ന ആരോപണത്തിന്മേൽ പരാമർശം (1) പ്രകാരം ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. പരാമർശം (2) പ്രകാരം ടിയാന് കുറ്റപത്രം നൽകുകയും പരാമർശം (3) പ്രകാരം ടിയാൻ പ്രതിവാദ പത്രിക ലഭ്യമാക്കുകയും ചെയ്തിരുന്നു. കുറ്റപത്രത്തിലെ കുറ്റങ്ങൾ ടിയാൻ നിഷേധിച്ചുകൊണ്ട് മറുപടി നൽകിയതിനാൽ ഈ വിഷയത്തിൽ വിശദമായ വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഈ ഓഫീസിലെ ജോയിന്റ് ഡയറക്ടർ, ശ്രീ.കെ.ദാമോദരനെ പരാമർശം (4) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. പരാമർശം (5) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.